നിർമ്മാർജ്ജനം ചെയ്ത പകർച്ചവ്യാധികൾ

*11 [941] ശ്രീ. എൻ. ശക്തൻ:
,, ലൂഡി ലൂയിസ്:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എ. സുജനപാൽ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും ഏതെല്ലാം പകർച്ചവ്യാധികളെയാണ് നേരത്തേ നിർമ്മാർജ്ജനം ചെയ്തിരുന്നത്; അവയിൽ ഏതെല്ലാം രോഗങ്ങൾ വീണ്ടും സംസ്ഥാനത്ത് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്;

(ബി) ഈ രോഗങ്ങളുടെ തിരിച്ചുവരവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പറയാമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) വസൂരി, ഗിനിവേം ബാധ, മലേറിയ എന്നീ രോഗങ്ങളാണ് സംസ്ഥാനത്ത് നേരത്തേ നിർമ്മാർജ്ജനം ചെയ്തിരുന്നത്. എന്നാൽ കുറച്ചു വർഷങ്ങളായി മലേറിയ വീണ്ടും പ്രത്യക്ഷപ്പെട്ടുകാണുന്നു.

(ബി) അമിതമായ നഗരവൽക്കരണം, പ്രകൃതിയുടേയും കാലാവസ്ഥയുടേയും അസന്തുലിതാവസ്ഥ, അശാസ്ത്രീയമായ നഗരാസൂത്രണവും നിർമ്മാണ പ്രവർത്തനങ്ങളും ആളുകളുടെ ജീവിതരീതിയിൽ വന്ന മാറ്റങ്ങളും അനാരോഗ്യകരമായ പാർപ്പിട നിർമ്മാണങ്ങളും, തിങ്ങിപ്പാർക്കുന്ന സാഹചര്യങ്ങളും, കൊതുകുകൾ പെരുകുന്നതിനും രോഗം പകരുന്നതിനുമുള്ള സാഹചര്യങ്ങൾ വർദ്ധിക്കുകയുണ്ടായി. ഇത് മലേറിയയുടെ തിരിച്ചുവരവിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ മലേറിയ കൂടുതലായി കണ്ടുവരുന്ന മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇവിടെ എത്തുന്നവരിൽ നിന്നും രോഗബാധ ഉണ്ടാകുന്നുണ്ട്.

റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

*12 [942] ശ്രീ. ടി. കെ. ബാലൻ:
,, പി. സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഡിയേഷൻ സേഫ്റ്റി ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ആണവോർജ്ജ നിയന്ത്രണ ബോർഡും ഡയറക്ടറേറ്റ് ഓഫ് റേഡിയേഷൻ സേഫ്റ്റിയും ചേർന്ന് കേരളത്തിലെ ആരോഗ്യ മേഖലയിൽ നടത്തിയ പഠനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly